## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.48 — 26/04/2017-ൽ മറുപടിക്ക്

### വൈദ്യുതി ഉല്പാദന വർദ്ധനവിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി.ദേവസ്സി<br>,,വി.അബ്ദുറഹിമാൻ<br>,, ഒ. ആർ. കേളു<br>,, എം. മുകേഷ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 30 ശതമാനം വൈദ്യുതി മാത്രം ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിൽ ഉല്പാദന വർദ്ധനവിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദന വർദ്ധനവിനായി 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുന്നതുവഴി 156.5 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് ലക്ഷ്യമിടുന്നത്. പദ്ധതികളുടെ വിശദവിവരം അനുബന്ധം (1) ആയി ചേർക്കുന്നു. കൂടാതെ 163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് AHEC, റൂർക്കി നടത്തിയ RLA (ശിഷ്ടായുസ്സ്) പഠനത്തിന്റെ അന്തിമ റിപ്പോർട്ട് അനുസരിച്ച് നവീകരണ പദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം (1X50MW) പദ്ധതിയ്ക്ക് വേണ്ടി മാത്രം ഒരു പുതിയ പെൻസ്റ്റോക്ക് നിർമ്മിക്കുവാനുള്ള നിർദ്ദേശം സ്വീകരിച്ചുകൊണ്ട് കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3X25MW), 75MW പുനരുദ്ധാരണ നവീകരണ പ്രവർത്തിയുടെ പ്രാരംഭ നടപടികൾ ആസൂത്രണം ചെയ്തു വരുന്നു. പ്രസ്തുത പുനരുദ്ധാരണ നവീകരണ പ്രവർത്തികൾ പൂർത്തിയാകുമ്പോൾ സ്ഥാപിതശേഷിയുടെ 10% കൂടി അധികശേഷി വിഭാവനം ചെയ്തിരിക്കുന്നു. |
| (ബി) | പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | | |

(...2)

പാരമ്പര്യേതര സ്രോതസ്സുകളായ കാറ്റ്, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവയെ സംബന്ധിക്കുന്ന പട്ടിക അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. 2017 മാർച്ച് 31 വരെ വിവിധ സൗരോർജ്ജ പദ്ധതികളിൽ നിന്നായി 74.719 മെഗാവാട്ട് വൈദ്യുതി കേരള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 9.9773 മെഗാവാട്ട് ഗ്രിഡുമായി ബന്ധിപ്പിക്കാത്ത സൗരോർജ്ജ പദ്ധതികളും പൂർത്തിയായിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.

പൂവാറിൽ 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോവിൻഡ് പദ്ധതിയും, കഞ്ചിക്കോട് നിലവിലുള്ള 0.225 മെഗാവാട്ടിന്റെ 5 മെഷീനുകൾ മാറ്റി ശേഷി കൂടിയ (0.85 MWX3 +0.6MW X2) മെഷീനുകൾ സ്ഥാപിച്ച് കാറ്റാടിപ്പാടത്തിന്റെ ശേഷി 2.625 മെഗാവാട്ട് വർദ്ധിപ്പിക്കുന്നതിനും, 2.5 മെഗാവാട്ട് ശേഷിയുള്ള പുതിയ മെഷീൻ സ്ഥാപിക്കുന്നതിനുമുള്ള ദർഘാസ് ക്ഷണിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർ വഴി വിവിധ പദ്ധതികളിലൂടെ 32 മെഗാവാട്ട് വൈദ്യുതിയും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പോളിസി പ്രകാരം മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ഏകദേശം 45 MW സ്ഥാപിതശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയിലൂടെ 30 വർഷത്തേക്ക് 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.

സംസ്ഥാനത്ത് 2016-17 വർഷം റൂഫ് ടോപ്പ് വഴി സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉല്പാദനത്തിന്

രണ്ട് പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഗ്രിഡ് കണക്റ്റഡ് പദ്ധതി (Solar Connect) വഴി 5 മെഗാവാട്ടും ശൃംഖലാബന്ധിതമല്ലാത്ത പദ്ധതി (Offgrid-Solar Smart) വഴി 6.4 മെഗാവാട്ടുമാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു.

കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പുവെയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിൽ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ എൻ.എച്ച്.പി.സി.-യുടെ ഭാഗത്തുനിന്നും പുരോഗമിക്കുന്നു. നിലവിലുള്ള കാറ്റാടി വൈദ്യുതി നിലയങ്ങൾക്ക് പുറമേ 9 മെഗാവാട്ട് ശേഷിയുള്ള വിന്റ് ഫാമിന് സാങ്കേതികാനുമതി നൽകുകയും 10 മെഗാവാട്ടിന് സാങ്കേതികാനുമതി നൽകാനായി നടപടി പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ രാമക്കൽമേട് പ്രദേശത്ത് കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിച്ചുവരുകയാണ്.

ഇതിനുമുമ്പായി നടപ്പാക്കിയ പതിനായിരം സൗരഗൃഹ പദ്ധതിയിൽ 9.83 മെഗാവാട്ട് ഓഫ് ഗ്രിഡ് സ്ഥാപിത ശേഷി കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ കാറ്റിൽ നിന്നും 59.275 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെപ്പോസിറ്റ് – ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിലുൾപ്പെടുത്തി വിവിധ സർക്കാർ കെട്ടിടങ്ങളുടെ റൂഫ് ടോപ്പിൽ ആകെ 586 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവ്വർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ അനെർട്ടിന്റെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തുള്ള സ്വന്തം ഭൂമിയിൽ ആകെ 2 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു സൗരോർജ്ജ പ്ലാന്റ് കമ്മീഷൻ ചെയ്ത് വൈദ്യുതി ഉല്പാദിപ്പിച്ച് വരുന്നു. |
| (സി) | വീടുകളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിച്ച് ബാറ്ററികൾ കൂടാതെ നേരിട്ട് വിതരണ ശൃംഖലയിലേക്ക് വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ബാറ്ററികൾ ഇല്ലാതെ പ്രവർത്തിക്കുന്ന സൗരോർജ്ജ പദ്ധതികൾ 2014-15 മുതൽ കേരളത്തിൽ അനെർട്ട് നടപ്പിലാക്കി വരുന്നുണ്ട്. ഈ ഇനത്തിൽ ഇതുവരെ ആകെ 3.3 മെഗാവാട്ട് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ വരുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി പ്രവൃത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിനുവേണ്ടി ഒരു ഓൺ ലൈൻ പോർട്ടൽ അനെർട്ടിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിവരുന്നു. ഇതിനു പുറമേ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെപ്പോസിറ്റ്-കൺസൾട്ടൻസി സ്കീമുകളിലായി കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിൽ 100 കിലോവാട്ടും, തൃശ്ശൂർ കോർപ്പറേഷനിലെ ജയ്ഹിന്ദ് ബിൽഡിംഗിൽ 200 കിലോവാട്ടും ബാറ്ററികൾ കൂടാതെ നേരിട്ട് ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദിപ്പിച്ച് നൽകുന്ന പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവകാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജനറേഷൻ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 0.78 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. വിതരണ-പ്രസരണ വിഭാഗത്തിലെ കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.37 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മറ്റ് കെട്ടിടങ്ങളുടെ മുകളിലായി 1.12 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളും, സ്വകാര്യ /സർക്കാർ വീടുകൾ/കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 6.192 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളും ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജില്ലാ പഞ്ചായത്ത് / സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ 1292.5 കിലോ വാട്ട് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി ഉള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയെന്നും അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ? | (ഡി) | നിലവിൽ തോട്ടിയാർ (40 മെഗാവാട്ട്), ചാത്തൻകോട്ടുനട-II (6 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ (60 മെഗാവാട്ട്) നിർമ്മാണം 11.04.2017-ൽ പുനരാരംഭിച്ചിട്ടുണ്ട്.<br>മുടങ്ങിക്കിടക്കുന്ന തോട്ടിയാർ, ചാത്തൻകോട്ടുനട-II എന്നീ പദ്ധതികളുടെ കരാറുകൾ ഫോർക്ലോസ് ചെയ്യുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് നം(കൈ)7/2016/ഊവ തീയതി 4/3/2016-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി ജോലികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യുവാനായി പുതിയ ടെൻഡർ വിളിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## പുതിയ ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉൽപ്പാദനശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 | കോഴിക്കോട് |
| 2 | പഴശ്ശിസാഗർ | 7.5 | 25.16 | കണ്ണൂർ |
| 3 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 | ഇടുക്കി |
| 4 | ചിന്നാർ | 24 | 76.45 | ഇടുക്കി |
| 5 | അപ്പർ ചെങ്കുളം | 24 | 53.22 | ഇടുക്കി |
| 6 | ലാഡ്രം | 3.5 | 12.13 | ഇടുക്കി |
| 7 | ഒലിക്കൽ | 5 | 10.26 | കോഴിക്കോട് |
| 8 | പൂവാരംതോട് | 3 | 5.88 | കോഴിക്കോട് |
| 9 | മാർമ്മല | 7 | 23.02 | കോട്ടയം |
| 10 | ചെമ്പുക്കടവ് - III | 7.5 | 17.715 | കോഴിക്കോട് |
| 11 | മാങ്കുളം | 40 | 82 | ഇടുക്കി |
| 12 | പീച്ചാട് | 3 | 7.74 | ഇടുക്കി |
| 13 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി |
| 14 | മരിപ്പുഴ | 6 | 14.84 | കോഴിക്കോട് |
| 15 | വാളാംതോട് | 7.5 | 15.291 | കോഴിക്കോട് |
| 16 | ആനക്കയം | 7.5 | 22.83 | തൃശൂർ |
| | ആകെ | 156.5 | 409.346 | |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

Installed capacity of Kerala as on 31.3.2017

| Sl.No | Name of Station | Installed Capacity (MW) | Annual Generation capacity (MU) |
|---|---|---|---|
| HYDEL | | | |
| | KSEB | | |
| 1 | Chembukadavu stage I | 2.7 | 6.59 |
| 2 | Chembukadavu stage II | 3.75 | 9.03 |
| 3 | Kallada | 15 | 65 |
| 4 | Kuttiadi Tailrace | 3.75 | 17.01 |
| 5 | Lower Meenmutty | 3.5 | 7.63 |
| 6 | Malampuzha | 2.5 | 5.6 |
| 7 | Malankara | 10.5 | 65 |
| 8 | Mattupetty | 2 | 6.4 |
| 9 | Neriamangalam Extension Scheme | 25 | 58.27 |
| 10 | Peppara | 3 | 11.5 |
| 11 | Poringalkuthu LBE | 16 | 74 |
| 12 | Urumi stage I | 3.75 | 9.72 |
| 13 | Urumi stage II | 2.4 | 6.28 |
| 14 | Poozhithode SHP | 4.8 | 10.97 |
| 15 | Ranni Perinad SHP | 4 | 16.73 |
| 16 | Peechi SHP | 1.25 | 3.21 |
| 17 | Vilangad | 7.5 | 22.63 |
| 18 | Chimmony | 2.5 | 6.7 |
| 19 | Adyanpara | 3.5 | 9.01 |
| 20 | Barapole | 15 | 36 |
| 21 | Vellathooval | 3.6 | 12.17 |
| | **Total** | **136** | **459.45** |
| | **CPPs/IPPs** | | |
| 1 | Kuthungal (CPP) | 21 | 79 |
| 2 | Maniyar (CPP) | 12 | 36 |
| 3 | Ullunkal (IPP) | 7 | 32.22 |
| 4 | Iruttukkanam (IPP) | 4.5 | 15.86 |
| 5 | Pambumkayam (Mankulam) Mini HEP (IPP) | 0.11 | 0.29 |
| 6 | Karikkayam (IPP) (3.5MWx3) | 10.5 | 43.69 |
| 7 | Meenvallom (IPP) (1.5MWx2) | 3 | 8.37 |
| 8 | Kallar micro (IPP) (50 kW) | 0.05 | 0.13 |
| 9 | Deviar | 0.05 | 0.13 |
| | **Total IPPs/CPPs** | **58.21** | **215.69** |
| WIND | | | |
| | KSEB | | |
| 1 | Kanjikode (9 x 0.225 MW) (KSEB) | 2.025 | 4.00 |
| | IPP/CPP | | |
| 1 | Ramakkalmedu (19 x 0.75MW) (IPP) | 14.25 | 32.46 |
| 2 | Agali (31 x 0.6 MW) (IPP) | 18.60 | 37.47 |
| 3 | Ahalia, Kanjikode (4 x 2.1 MW) (IPP) | 8.40 | 16.19 |
| | **Total wind IPP** | **41.25** | **86.12** |
| | **Total Wind** | **43.28** | **90.12** |
| SOLAR | | | |
| | KSEB | | |
| 1 | Kanjikode (KSEB) | 1.00 | |
| 2 | Poringalkuthu PH (KSEB) | 0.05 | |
| 3 | Chalayur colony (KSEB) | 0.096 | |
| 4 | Banasurasagar Floating Solar (KSEB) | 0.01 | |
| 5 | Kollengode S/s (KSEB) | 1.00 | |
| 6 | Padinjarathara Dam top | 0.44 | |
| 7 | Edayar S/s | 1 | |
| 8 | Barapole Canal top | 3 | |
| 9 | Barapole Canal bank | 1 | |
| | **Total** | **3.85** | |
| | IPP/CPP | | |
| 1 | CIAL (13 MW) (private) | 15.40 | |
| 2 | Hindalco | 1.00 | |
| | **Total Solar** | **20.25** | |

[signature]
അണ്ടർ സെക്രട്ടറി

അനുബന്ധം 3

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) പാലക്കാട് | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ പാലക്കാട് | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ തൃശൂർ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ വയനാട് | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ വയനാട് റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് എറണാകുളം | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം കേരളത്തിലുടനീളം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് കണ്ണൂർ | 1.00 | |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് കണ്ണൂർ | 3.00 | |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | |
| | ആകെ | 9.264372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പാലക്കാട് 4 ആദിവാസി കോളനികൾ പണി പൂർത്തീകരിച്ചു. 1 എണ്ണം നടന്നു വരുന്നു. (ഡി.ഡി.ജി) | 0.01 | 0.037 മെഗാവാട്ടിന്റെ 4 കോളനികൾ പൂർത്തീകരിച്ചു | 108.39 |
| 2 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 764.86 |
| 3 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 382.089 |
| 4 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 5 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 6 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 7 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 8 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 9 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 10 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 11 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 228 |
| 12 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 13 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | **ആകെ** | **9.66** | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | **ആകെ** | 4.71 | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

### A. നിലവിലുള്ളവ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ |
|---|---|---|---|
| 1 | കഞ്ചിക്കോട് | 2.025<br>(9 x 0.225) | കെ.എസ്.ഇ.ബി.എൽ |
| 2 | രാമക്കൽമേട് | 14.25<br>(19 x 0.750) | പ്രൈവറ്റ് |
| 3 | അഗളി | 18.60<br>(31 x 0.600) | പ്രൈവറ്റ് |
| 4 | കഞ്ചിക്കോട് | 8.40<br>(4 x 21) | പ്രൈവറ്റ് |

### B. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൈക്രോവിൻഡ്, പൂവാർ | 1.00 | കെ.എസ്.ഇ.ബി എൽ | ടെൻഡർ നടപടികൾ ചെയ്യാൻ വേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു |
| 2 | കഞ്ചിക്കോട് | സ്ഥാപിത ശേഷി 5.125 വർദ്ധിക്കും | കെ.എസ്.ഇ.ബി എൽ | നിലവിലുള്ള 0.225 MW ന്റെ 9 മെഷീനുകളിൽ 4 എണ്ണം നിലനിറുത്തുകയും 5 എണ്ണം മാറ്റി പകരം 0.85 MW x3 0.60 MW x2 എന്നിവ സ്ഥാപിക്കുകയും 2.5 MW x1 പുതിയ മെഷീൻ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി. |



സെക്ഷൻ ഓഫീസർ

അനുബന്ധം 4

| ക്രമ നമ്പർ | സ്ഥാപിതശേഷി (മെഗാവാട്ട് – MW) | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|---|
| 1 | 6 | ആറ്റ് ലെ I | പാലക്കാട് |
| 2 | 6 | ആറ്റ് ലെ II | പാലക്കാട് |
| 3 | 0.25 | ബാലൻതോട് | ഇടുക്കി/എറണാകുളം |
| 4 | 0.6 | ചെറുപുഴ മിനി | മലപ്പുറം |
| 5 | 0.5 | ഇടത്തനാൽകുത്ത് | ഇടുക്കി/എറണാകുളം |
| 6 | 0.35 | ഫർലോങ്ങ് കര | കണ്ണൂർ |
| 7 | 11 | കക്കാടംപോയിൽ സ്റ്റേജ് II | കോഴിക്കോട് |
| 8 | 0.75 | കങ്ങപ്പുഴ | ഇടുക്കി |
| 9 | 1 | കാഞ്ഞിരംപ്പുഴ | പാലക്കാട് |
| 10 | 3 | കിള്ളിക്കല്ല് | കോഴിക്കോട് |
| 11 | 3 | കുളിരാമുട്ടി | കോഴിക്കോട് |
| 12 | 3 | മന്തൻപോറ്റി | പാലക്കാട് |
| 13 | 0.15 | മുല്ലരിങ്ങാട് | ഇടുക്കി/എറണാകുളം |
| 14 | 1.5 | ഓണിപുഴ | കോഴിക്കോട് |
| 15 | 2 | പഴക്കക്കാനം | കോട്ടയം/ഇടുക്കി |
| 16 | 2 | പെരുവ | കണ്ണൂർ |
| 17 | 0.8 | പോട്ടൻതോട് 1 | കണ്ണൂർ |
| 18 | 1.5 | തിപ്പിളിക്കയം | പാലക്കാട് |
| 19 | 1 | ഉരുട്ടിപ്പുഴ | കണ്ണൂർ |
| 20 | 3 | വാലൻതോട് സ്റ്റേജ് II | മലപ്പുറം |
| | **47.4** | | |

സെക്ഷൻ ഓഫീസർ